(ബി) ഇറിഗേഷൻ പ്രോജക്ടുകളുടെ സ്ഥലം സോളാർ പാനൽ യൂണിറ്റുകൾക്ക് നൽകുന്നതിനായി സ്ഥലലഭ്യത സംബന്ധിച്ച് 2012-ൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഇറിഗേഷൻ പ്രോജക്ടുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽനിന്നും എന്തെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ ; ഈ റിപ്പോർട്ടുകൾ ലഭിച്ചിരുന്നോ ;

(സി) എങ്കിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പും റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പെരിയാർവാലി ഉൾപ്പെടെയുള്ള ഇറിഗേഷൻ പ്രോജക്ടുകളുടെ സ്ഥലം സൗരോർജ്ജ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിട്ടുകൊടുത്തുകൊണ്ട് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഉത്തരവിറക്കിയിട്ടില്ല

(ബി&സി) സോളാർ പാനൽ-യൂണിറ്റുകൾക്ക് നൽകുന്നതിനായി ഇറിഗേഷൻ പ്രോജക്ടുകളുടെ സ്ഥല ലഭ്യതയെപ്പറ്റി ആവശ്യപ്പെട്ടില്ല

കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

181 (873) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഇരുകരകളിലുമായി എത്ര കിലോമീറ്റർ നീളത്തിലാണ് കനാൽ നിർമ്മിച്ചിട്ടുള്ളത് ;

(ബി) കനാലുകളുടെ വാലറ്റത്ത് നാളിതുവരെയായും വെള്ളം എത്തിയിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഇരുകരകളിലുമായി ആകെ 602.40 കിലോമീറ്റർ നീളത്തിൽ കനാലുകളും ഡിസ്ട്രിബ്യൂട്ടറികളും നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കനാലിന്റെ വാലറ്റംവരെ വെള്ളം എത്തിക്കുവാനും അറ്റകുറ്റപ്പണികൾ ഉറപ്പുവരുത്തുവാനുമുള്ള പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-I-ന്റെ ഓഫീസിൽ പുരോഗമിച്ചുവരുന്നു. നിലവിൽ 20 ശതമാനത്തോളം കനാലുകൾ ലൈനിംഗ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള നീർപാലങ്ങളുടെ പുനരുദ്ധാരണത്തിനായി 84.31 കോടി രൂപയുടെ പ്രൊപ്പോസൽ Accelerated Irrigation benefit programme (AIBP)-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അഴിയൂർ ബ്രാഞ്ച് കനാലിന്റെ ചെ.0/500 കിലോമീറ്ററിനും 7/200 കിലോമീറ്ററിനും ഇടയിലുള്ള വള്ളിക്കാട് അക്വഡക്ടിന്റെ പുനർനിർമ്മാണത്തിനായി 5.50 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, പ്രോജക്ട്-I-ന്റെ ഓഫീസിൽ പുർത്തീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽനിന്ന് സമർപ്പിച്ച മൈനർ ഇറിഗേഷൻ പദ്ധതികൾ

182 (874) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിലേക്കായി കാസർഗോഡ് ജില്ലയിൽനിന്ന് മൈനർ ഇറിഗേഷൻ വകുപ്പ് എത്ര പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇല്ലെങ്കിൽ മേൽ പദ്ധതികൾക്ക് എന്ന് ഭരണാനുമതി നൽകും എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യത്തിൽ പ്രയോറിറ്റി ലിസ്റ്റ് നിലവിലില്ല. അറ്റകുറ്റപ്പണികൾക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് ഭരണാനുമതി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly